

VIVA PRINT Perambra, Tel: 2615530

# ആന്തൂറിയം കൃഷി



കൃഷി വിജ്ഞാന കേന്ദ്രം
(ഭാരതീയ സുഗന്ധവിള ഗവേഷണ കേന്ദ്രം)
പെരുവണ്ണാമൂഴി പി.ഒ., കോഴിക്കോട്– 673 528

| | | |
|---|---|---|
| ലഘുലേഖ | : | 7 |
| വർഷം | : | ഫെബ്രുവരി 2012 |
| തയ്യാറാക്കിയത് | : | **ശ്രീമതി. നസിയ ഷെരീഫ്**<br>**ഡോ. പി. എസ്. മനോജ്**<br>കൃഷി വിജ്ഞാന കേന്ദ്രം, പെരുവണ്ണാമൂഴി |
| പ്രസിദ്ധീകരിക്കുന്നത് | : | **ഡോ. ടി. ആറുമുഖനാഥൻ**<br>പ്രോഗ്രാം കോ-ഓർഡിനേറ്റർ<br>കൃഷി വിജ്ഞാന കേന്ദ്രം, പെരുവണ്ണാമൂഴി<br>കോഴിക്കോട് - 673 528 |
| ഫോൺ | : | 0496-2662372 |
| ഫാക്സ് | : | 0496-2662372 |
| ഇ-മെയിൽ | : | kvk@spices.res.in<br>kvkcalicut@gmail.com |
| വെബ്സൈറ്റ് | : | www.kvkcalicut.gov.in |

വില : രൂപ

# ആന്തൂറിയം കൃഷി

പുഷ്പ സൗന്ദര്യത്തിന്റെ മൂർത്തിമത്ഭാവങ്ങളിൽ പ്രധാനിയാണ് വർണ്ണശബളമായ പൂപ്പാളികളോടുകൂടിയ ആന്തൂറിയം പൂക്കൾ. ആന്തൂറിയം പുഷ്പങ്ങൾ ഉദ്യാനങ്ങളുടെയും ഭവനങ്ങളുടെയും ഹരമായി മാറിക്കഴിഞ്ഞിട്ട് വളരെക്കാലമൊന്നുമായിട്ടില്ല. ഉദ്യാന സൗന്ദര്യത്തിനു മാത്രമല്ല കൈ നിറയെ പണം നേടിത്തരാനും ഈ ചെടിക്ക് കഴിയും. അരേസിയേ എന്ന വലിയ സസ്യകുടുംബത്തിലെ അംഗമാണ് ആന്തൂറിയം. ദീർഘനാൾ കേട് കൂടാതെ ഇരിക്കാനുള്ള കഴിവാണ് ആന്തൂറിയത്തെ പുഷ്പാലങ്കാര കലയിൽ അവിഭാജ്യ ഘടകമാക്കി മാറ്റുന്നത്.

## ഇനങ്ങൾ

കേരളത്തിൽ വ്യാവസായികാടിസ്ഥാനത്തിലുള്ള കൃഷിക്ക് അനുയോജ്യമായത് 'ആന്തൂറിയം ആൻഡ്രിയാന'മാണ്. ചെടികൾ ഉയരത്തിൽ വളരുന്നതും, ഇലകൾ തമ്മിലുള്ള അകലം കുറവും, കൂടുതൽ പൂക്കളും, തൈകളും ഉൽപാദിപ്പിക്കാൻ കഴിവുള്ളതും ആയിരിക്കണം വാണിജ്യ പ്രാധാന്യമുള്ള ഇനങ്ങൾ. പൂപ്പാളി ഹൃദയാകാരത്തിലുള്ളതും തിരി പൂപ്പാളിയേക്കാൾ ചെറുതും ആയിരിക്കണം.

പൂപ്പാളിയുടെ നിറം കണക്കിലെടുത്ത് ഇനങ്ങളെ താഴെ പറയും വിധം തരംതിരിക്കാം.

| | | |
|---|---|---|
| ചുവപ്പ് | : | ഒസാകി, കോസോഹാര, തനാക്ക, ആവോ, ഹണിമൂൺ |
| ഓറഞ്ച് | : | ഫേവെറിയറ്റ്, ഹോർണിങ്ങ് ഓറഞ്ച്, നിറ്റ, സൺബേഴ്സ്റ്റ് |
| വെള്ള | : | യുനിവായ്, മനോവ മിസ്റ്റ്, ആവോ - ജോസ്, കാമലിയോൺ, ജമൈക്ക |
| പിങ്ക് | : | ആബെ, മറിയൻ സീഫർത്ത്, ആവോ-അന്നെക്കേ |
| പച്ച | : | മിഡോറി |



വിദേശ ഇനങ്ങളെ പ്രധാനമായും ഡച്ച് ഇനങ്ങൾ എന്നും ഹവായിയൻ ഇനങ്ങൾ എന്നും തരംതിരിച്ചിരിക്കുന്നു. ഇവ കൂടാതെ നോവൽറ്റി ഇനങ്ങളായ 'ടൂലിപ്പ്' ഇനങ്ങളും വളരെ വ്യത്യസ്തങ്ങളായ 'ഒബേക്ക' ഇനങ്ങളും പ്രചാരത്തിലുണ്ട്.

നമ്മുടെ സംസ്ഥാനത്തിന് യോജിച്ച ചില ഇനങ്ങൾ താഴെ ചേർക്കുന്നു.

'അഗ്നിഹോത്രി' (പിങ്ക്, ചുവപ്പ്), 'ലിവർ റെഡ്', 'ചില്ലി റെഡ്', 'ലിമ വൈറ്റ്', 'മൗറീഷ്യസ് റെഡ്', 'മൗറീഷ്യസ് വൈറ്റ്', 'മൗറീഷ്യസ് ഓറഞ്ച്', 'ലേഡി ജെയിൻ' (പിങ്ക്, വെള്ള, ചുവപ്പ്), 'മിഡോറി', 'ക്യൂബ', 'കാൻ കാൻ', 'ട്രോപ്പിക്കൽ', 'നിറ്റ', 'ലിന്റാ ഡി മോൾ', 'ടിനോറ', 'അക്രോപോളിസ്', 'ഹോണ്ടുറാസ്', 'റെഡ് ഡ്രാഗൺ', 'കാർണിവൽ'.

## പ്രവർദ്ധനം

ആന്തൂറിയത്തിന്റെ പ്രധാന പ്രജനന രീതികൾ ചുവടെ ചേർക്കുന്നു.

1. **വിത്ത്**
2. **കായിക പ്രജനനം**
3. **ടിഷ്യൂക്കൾച്ചർ**

## വിത്തുകൾ ഉപയോഗിച്ചുള്ള പ്രവർദ്ധനം

ഈ രീതി പ്രധാനമായും സങ്കരയിനങ്ങൾ ഉണ്ടാക്കാൻ വേണ്ടിയാണ് അനുവർത്തിക്കുന്നത്. തിരഞ്ഞെടുത്ത ആൺചെടികളിൽ

നിന്നും പരാഗം ശേഖരിച്ച് മാതൃചെടിയുടെ പാകമായ പൂക്കളിൽ നിക്ഷേപിച്ചാണ് സങ്കരണം നടത്തുന്നത്. ആന്തൂറിയത്തിന്റെ പാകമായ തിരിയിൽനിന്ന് നല്ലവണ്ണം മൂത്ത് പാകമായ കായ്കൾ മെല്ലെ അടർത്തിയെടുത്ത് അവയുടെ മാംസളമായ ഭാഗം ഞെക്കിക്കളഞ്ഞ് കഴുകി വൃത്തിയാക്കി ഒന്നുരണ്ട് ദിവസം തണലിൽ സൂക്ഷിക്കുക. ഈ വിത്തുകൾ മുളപ്പിക്കുന്നതിനായി അധികം താഴ്ചയില്ലാത്ത, മണൽ നിറച്ച തട്ടുകളിൽ വിരിച്ച നനഞ്ഞ പഞ്ഞിയുടെ പുറത്ത് പാകണം. ഈ തട്ടുകൾ 80 ശതമാനം തണലും നല്ല ആർദ്രതയുമുള്ള സ്ഥലങ്ങളിൽ വെയ്ക്കേണ്ടതാണ്. ഏകദേശം പത്ത് ദിവസത്തിനകം തന്നെ വിത്തുകൾ മുളയ്ക്കാൻ തുടങ്ങും. രണ്ട് ഇലകൾ വിരിഞ്ഞ് കഴിഞ്ഞാൽ ഇവയെ പരന്ന പാത്രത്തിൽ മണൽ വിരിച്ച് അതിലേക്ക് മാറ്റി നടാവുന്നതാണ്. കുറച്ച് വലുതായി കഴിഞ്ഞാൽ തൈകൾ വലിയ ചട്ടികളിൽ മണലും കരിയിലപ്പൊടിയും (2:1 എന്ന അനുപാതത്തിൽ) നിറച്ച് മാറ്റി നടാവുന്നതാണ്. ചെടിയുടെ ത്വരിതഗതിയിലുള്ള വളർച്ചയ്ക്ക് 17:17:17 കോംപ്ലക്സ് വളം (ഒരു ടീസ്പൂൺ വളം 15 ലിറ്റർ വെള്ളത്തിൽ) തളിച്ചുകൊടുക്കാം.

## കായിക പ്രവർദ്ധന രീതികൾ

**അഗ്രം മുറിച്ച് നടീൽ:** നാലഞ്ച് വർഷം പ്രായമായ ചെടിയുടെ മുകൾഭാഗം ഇലകളുള്ള തണ്ടിനോടൊപ്പം രണ്ടോ മൂന്നോ വേരുകൾ ഉൾപ്പെടെ മുറിച്ചെടുത്ത് പുതിയ ചെടികളായി വളർത്താം. അഗ്രം മുറിച്ചുമാറ്റിയതിനു ശേഷം കടഭാഗം ചട്ടിയിൽ നിലനിർത്തിയാൽ ചുവട്ടിൽ നിന്നും പുതിയ ചിനപ്പുകൾ വളർന്നുവരും. ഇവ നന്നായി വളർന്നതിന് ശേഷം പിഴുതുമാറ്റി നടാവുന്നതാണ്.

**ചിനപ്പുകൾ വഴി:** മൂന്ന്-നാല് വർഷം പ്രായമുള്ള ചെടികളുടെ ചുവട്ടിൽ നിന്ന് ഒന്ന് രണ്ട് ചിനപ്പുകൾ പൊട്ടും. ഇങ്ങനെ പൊട്ടിവരുന്ന ചിനപ്പുകൾ നല്ല വളർച്ചയെത്തിയ ശേഷം വേരോടെ മാറ്റിയെടുത്ത് നടാവുന്നതാണ്.



**മൂലകാണ്ഡം മുറിച്ചുനടീൽ:** രണ്ടോ മൂന്നോ വർഷം പ്രായമായ ചെടികൾ പുതിയ ചട്ടികളിലേക്ക് മാറ്റി നടുന്ന സമയത്ത്, കാണ്ഡത്തിന്റെ അടിഭാഗം ചുറ്റിപ്പിടിച്ചുകിടക്കുന്ന വേരുപടലത്തോടുകൂടി മുറിച്ച് കഷണങ്ങളാക്കി നടീൽ മിശ്രിതം നിറച്ച ചട്ടികളിൽ നട്ടാൽ പുതിയ ചെടികൾ ഉണ്ടാവുന്നു.

**പാർശ്വമുകുളങ്ങൾ വഴി:** ആന്തൂറിയത്തിലെ ചില ഇലകളുടെ അടിഭാഗം കൂടുതൽ ഉരുണ്ടിരിക്കുകയും അവയുടെ കക്ഷങ്ങളിൽ പാർശ്വമുകുളങ്ങൾ കാണുകയും ചെയ്യും. ഈ ഇലകൾക്ക് ഒന്നോ രണ്ടോ വേരുകൾ കൂടി കാണാം. ഇത്തരം ഇലകൾ വേരോടും തണ്ടോടും കൂടി ചെടിയിൽ നിന്ന് ഇളക്കിയെടുത്ത് പുതിയ ചട്ടികളിൽ നടാൻ ഉപയോഗിക്കാം.

## ടിഷ്യൂക്കൾച്ചർ രീതി

ഗുണമേന്മയുള്ള തൈകൾ ധാരാളമായി ഉല്പാദിപ്പിക്കുന്നതിന് ടിഷ്യൂക്കൾച്ചർ രീതി ഉപയോഗിക്കാം. ഇലയുടെ ഞരമ്പോടുകൂടിയ ഭാഗമാണ് ഇതിന് പ്രധാനമായും ഉപയോഗിക്കുന്നത്. പ്രത്യേക പോഷകക്കൂട്ടിൽ, അണുവിമുക്തമായ, അന്തരീക്ഷ ക്രമീകരണങ്ങളുള്ള പരീക്ഷണശാലകളിൽ ആണ് തൈകൾ ഉത്പാദിപ്പിക്കുന്നത്. ഇപ്രകാരം ഉത്പാദിപ്പിച്ച തൈകൾ ഫ്ളാസ്ക്കുകളിലോ, ടെസ്റ്റ് ട്യൂബുകളിലോ ലഭ്യമാണ്.

## മണ്ണും കാലാവസ്ഥയും

നല്ല നീർവാർച്ചയും വായുസഞ്ചാരവും ചെറിയ തോതിൽ അമ്ലരസവുമുള്ള (pH 5.3 -6.3) മണ്ണാണ് ആന്തൂറിയം വളർത്താൻ യോജിച്ചത്. സൂര്യപ്രകാശം, അന്തരീക്ഷ ഊഷ്മാവ്, ആർദ്രത എന്നിവ ആന്തൂറിയത്തിന്റെ വളർച്ചയേയും പൂക്കളുടെ ഉൽപാദനത്തേയും സാരമായി ബാധിക്കുന്ന ഘടകങ്ങളാണ്. ചെടിയുടെ വളർച്ചയ്ക്ക് ഏറ്റവും അനുയോജ്യമായ താപനില $21^{0}C$ മുതൽ $25^{0}C$ വരെയാണ്. ചൂട്

വളരെ കൂടുതലായാലും തീരെ കുറഞ്ഞുപോയാലും ചെടിയുടെ വളർച്ചയെ പ്രതികൂലമായി ബാധിക്കും. ആന്തൂറിയത്തിന്റെ വളർച്ചയ്ക്ക് 65-80 ശതമാനം തണൽ ആവശ്യമാണ്. ആവശ്യത്തിന് തണൽ ഇല്ലെങ്കിൽ തണൽ വല വിരിച്ച് വേണം ചെടി വളർത്തുവാൻ. ആന്തൂറിയം ആർദ്രത കൂടുതലുള്ള സ്ഥലങ്ങളിൽ നന്നായി വളരുന്നു. ഏകദേശം 80% ആർദ്രതയാണ് ചെടികളുടെ വളർച്ചയ്ക്ക് ഏറ്റവും യോജിച്ചത്. ആപേക്ഷിക ആർദ്രത ഇതിൽ കുറയുകയാണെങ്കിൽ ഉടനെ തന്നെ നനച്ച് കൊടുക്കണം. വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുകയാണെങ്കിൽ സ്പ്രിംഗ്ളർ ഉപയോഗിച്ച് നനയ്ക്കുന്നത് സൗകര്യപ്രദമായിരിക്കും. വെള്ളം വളരെ നേർത്ത തുള്ളികളായി തെറിച്ചു വീഴാനും കൃഷിയിടത്തിലെ ആർദ്രത നിലനിർത്താനും ഇത് സഹായിക്കുന്നു.

## കൃഷിരീതി

നടീൽ മിശ്രിതം, ചെടിയുടെ വളർച്ചയെ ഗണ്യമായി ബാധിക്കുന്ന ഒരു ഘടകമാണ്. 10-12 ഇഞ്ച് വ്യാസമുള്ള ചട്ടികളാണ് നടാൻ നല്ലത്. ചട്ടിയുടെ ചുവട്ടിൽ ഒന്നരയിഞ്ച് കനത്തിൽ ചരലോ ഇഷ്ടിക കഷണങ്ങളോ നിരത്തുക. ഇതിനു മീതെ വീണ്ടും ഒന്നരയിഞ്ചു കനത്തിൽ ആറ്റുമണൽ നിറയ്ക്കാം. ഇതിനു മുകളിലായി ഓട്ടു കഷണങ്ങൾ, കരിക്കട്ട, മണൽ, ഇലപ്പൊടി, ചെറുതായി മുറിച്ച പഴകിയ തൊണ്ട്, ചാണകപ്പൊടി എന്നിവയടങ്ങിയ മിശ്രിതം നിരത്തുക. ഈ മിശ്രിതം തൈ നടുന്നതിന് രണ്ടു മാസം മുമ്പ് തയ്യാറാക്കി വച്ച ശേഷമാണ് ഉപയോഗിക്കേണ്ടത്. മിശ്രിതം ആദ്യം ചട്ടിയുടെ പകുതി ഭാഗം വരെ നിറയ്ക്കാം. അതിനുശേഷം പുതിയ തൈ ചട്ടിയുടെ മധ്യത്തിൽ നട്ട് തൈക്ക് ചുറ്റും വീണ്ടും മിശ്രിതം നിറച്ച് ചെടിയുറപ്പിക്കുക. നട്ട തൈകൾ തണലത്ത് വെക്കണം. രണ്ടാഴ്ച കൊണ്ട് പുതിയ ഇലകൾ വന്നുതുടങ്ങും. ഉയർന്ന പ്രദേശങ്ങളിൽ (സമുദ്രനിരപ്പിൽ നിന്ന് 1000 മീറ്റർ ഉയരത്തിൽ) ആന്തൂറിയം നിലത്ത് നട്ടുള്ള കൃഷിരീതിയും വിജയപ്രദമാണ്. ഇങ്ങനെ നിലത്ത് നടുമ്പോൾ



നടാനുള്ള സ്ഥലം കട്ട ഉടയ്ക്കാതെ നിരപ്പാക്കിയ ശേഷം ചെടികൾ തമ്മിലും വരികൾ തമ്മിലും 45-60 സെ.മീ. അകലം വരത്തക്കവണ്ണം 10 സെ.മീ. ആഴത്തിൽ ചാലുകളെടുക്കണം. ഇങ്ങനെ എടുത്ത ചാലുകളിൽ ഇഷ്ടിക കഷണം, ചെറിയ കഷണങ്ങളാക്കി മുറിച്ച തൊണ്ട്, ഉണക്കിപ്പൊടിച്ച കരിയില, ആറ്റുമണൽ എന്നിവ ചേർത്ത മിശ്രിതം നിറച്ച ശേഷം ചെടികൾ നടാം. ഈ രീതിയിൽ, സ്ഥിരമായി തണൽ വലകൾ കെട്ടേണ്ടതാണ്.

## വളപ്രയോഗം

ശരിയായ അളവിൽ വളം ചെടികൾക്ക് നൽകേണ്ടത് അനിവാര്യമാണ്. വളരുന്ന ചെടികൾക്ക് എൻ.പി.കെ. 20 : 20 : 20 എന്ന കോംപ്ലക്സ് വളം, 2-5 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി ആഴ്ചയിലൊരിക്കൽ ഒഴിച്ചു കൊടുക്കണം. പുഷ്പിച്ച് തുടങ്ങിയ ചെടികൾക്ക് മാസത്തിലൊരിക്കൽ കുമ്മായം 2-3 ഗ്രാം മാധ്യമത്തിൽ ചേർത്ത് കൊടുക്കാം. ചാണകം, കടലപ്പിണ്ണാക്ക്, ഗോമൂത്രം എന്നീ ജൈവവളങ്ങളും ചെടികൾക്ക് നൽകേണ്ടതാണ്. ചാണകവും, പിണ്ണാക്കും 10-15 ഇരട്ടി വെള്ളം ചേർത്ത് മൂന്നോ നാലോ ദിവസം വെച്ച ശേഷം അരിച്ചെടുത്ത് തളിച്ചുകൊടുക്കുകയാണ് നല്ലത്. ഗോമൂത്രം ഉപയോഗിക്കുമ്പോൾ ഇരുപത്തിയഞ്ചിരട്ടിയെങ്കിലും വെള്ളം ചേർക്കണം. ജൈവവളങ്ങൾ മാറിമാറി ആഴ്ചയിലൊരിക്കൽ നൽകാം.

## ജലസേചനം

ആന്തൂറിയം ചെടികളുടെ ശരിയായ വളർച്ചയ്ക്ക് ജലസേചനം അത്യാവശ്യമാണ്. വേനൽക്കാലത്ത് ചെടികൾ നന്നായി നനച്ചുകൊടുക്കണം. ഇത് ഈർപ്പം നിലനിർത്താനും ചൂടിനെ നേരിടാൻ ചെടികളെ സജ്ജമാക്കുവാനും സഹായിക്കും.

## രോഗങ്ങളും കീടങ്ങളും

സാധാരണയായി ബാക്ടീരിയൽ ബ്ലൈറ്റ്, ആന്ത്രക്നോസ് എന്നീ രോഗങ്ങളാണ് ആന്തൂറിയം ചെടിയെ ബാധിക്കുന്നത്. ചെടിയുടെ തണ്ട് കറുത്ത് വരികയും, പത്രകക്ഷങ്ങൾ ചീയുകയും ചെയ്യുന്നതാണ് ബാക്ടീരിയൽ ബ്ലൈറ്റിന്റെ ലക്ഷണങ്ങൾ. ഇത് നിയന്ത്രിക്കുന്നതിനായി മാങ്കോസെബ് (3 ഗ്രാം 1 ലിറ്റർ വെള്ളത്തിൽ) ചട്ടികളിൽ ഒഴിച്ചു കൊടുക്കുക. ആന്ത്രക്നോസ് ബാധിച്ച ചെടികളിൽ, ഇലയിലും തിരിയിലും വൃത്താകൃതിയിലുള്ള പൊട്ടുകൾ കാണാവുന്നതാണ്. ഇതിന് പ്രതിവിധിയായി കാർബെൻഡാസിം ഒരു ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിലോ, മാങ്കോസെബ് 3 ഗ്രാം ഒരു ലിറ്റർ വെള്ളത്തിലെന്ന തോതിലോ ചേർത്ത് ഒന്നിടവിട്ട് 15 ദിവസത്തിലൊരിക്കൽ തളിച്ചുകൊടുക്കാവുന്നതാണ്.

ആന്തൂറിയത്തിന്റെ പ്രധാനശത്രുക്കളായ ഇലതീനിപ്പുഴു, മീലിമൂട്ട എന്നീ കീടങ്ങളെ മാലത്തയോൺ 2 മി.ലി. ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് തളിച്ചുകൊടുത്ത് നിയന്ത്രിക്കാവുന്നതാണ്. നീരൂറ്റിക്കുടിക്കുന്ന ജീവികൾക്കെതിരെ പുകയിലക്കഷായം തളിക്കാവുന്നതാണ്. വേരുകൾ തിന്നാൻ രാത്രികാലങ്ങളിലിറങ്ങുന്ന ഒച്ചുകളെ കൈകൊണ്ട് പെറുക്കിയെടുത്ത് നശിപ്പിക്കുക. പാളയംകോടൻ പഴത്തൊലി ചിരട്ടകളിലാക്കി തോട്ടത്തിന്റെ അങ്ങിങ്ങ് വച്ചാൽ ഒച്ചുകൾ ഈ മണത്താൽ ആകർഷിക്കപ്പെട്ട് ചിരട്ടയിലേക്ക് വരുന്നതാണ്.

## വിളവെടുപ്പ്

എട്ട്-പത്ത് സെ.മീ. ഉയരമുള്ള തൈകൾ നട്ട് ഒരു വർഷം കഴിയുമ്പോൾ പുഷ്പിക്കാൻ തുടങ്ങും. മൂന്നാം വർഷം തൊട്ട് നല്ല വിളവ് ലഭിക്കും. ഇനങ്ങളനുസരിച്ച് പ്രതിവർഷം ശരാശരി 6 മുതൽ 10 പൂക്കൾ വരെ ഒരു ചെടിയിൽ നിന്ന് പ്രതീക്ഷിക്കാം. ദളങ്ങൾ പൂർണ്ണമായി വികസിച്ചതിനു ശേഷമാണ് ആന്തൂറിയത്തിന്റെ വിളവെടുപ്പ് നടത്തേണ്ടത്. തിരിക്ക് ഏകദേശം വെളുത്ത നിറമാകുമ്പോൾ പൂക്കൾ ശേഖരിച്ച് തുടങ്ങാം. വിളവെടുപ്പ് അതിരാവിലെ നടത്തുന്നതാണ് ഉത്തമം. പൂക്കൾ മുറിച്ചെടുത്താലുടൻ തണ്ട് വെള്ളത്തിൽ മുക്കിയിടാൻ



ശ്രദ്ധിക്കണം. പൂത്തണ്ടുകൾ കിട്ടാവുന്നത്ര നീളത്തിൽ മുറിച്ചെടുക്കണം. പൂക്കൾ ശേഖരിച്ചതിനുശേഷം പൂപ്പാളിയുടെ നിറം, പൂത്തണ്ടിന്റെ നീളം, തിരിയുടെ നീളം, വണ്ണം, പൂപ്പാളിയുടെ വീതി, നീളം എന്നിവ അനുസരിച്ച് വിവിധ ഗ്രേഡുകളായി തരംതിരിക്കാം. പൂക്കളുടെ വലിപ്പമനുസരിച്ചാണ് വില നിശ്ചയിക്കുന്നത്. പൂക്കൾ അന്യസ്ഥലങ്ങളിലേക്ക് കയറ്റി അയയ്ക്കുന്നതിന് സാധാരണയായി കാർഡ്ബോർഡ് പെട്ടികളിലാണ് പാക്ക് ചെയ്യുന്നത്. വിപരീത ദിശയിലായിട്ടാണ് പൂപ്പാളികൾ നിരനിരയായി പെട്ടികളിൽ വയ്ക്കേണ്ടത്. നിരകൾക്കിടയിലും ചുറ്റും മുറിച്ച നേർത്ത കടലാസ് കഷണങ്ങൾ വയ്ക്കേണ്ടതാണ്. ഇവ ചെറിയ നനവുള്ളതായാൽ ഈർപ്പം നിലനിർത്താനും സഹായിക്കുന്നു. പൂത്തണ്ടിന്റെ അഗ്രം നനഞ്ഞ പഞ്ഞിയിൽ പൊതിഞ്ഞ് വെയ്ക്കുന്നതും ഈർപ്പം നിലനിർത്താൻ സഹായിക്കും.

കേരള കാർഷിക സർവ്വകലാശാല, തൃശ്ശൂർ; ബയോ ടെക്നോളജി ആന്റ് മോഡൽ ഫ്ളോറികൾച്ചർ സെന്റർ, കഴക്കൂട്ടം, തിരുവനന്തപുരം തുടങ്ങിയ കേന്ദ്രങ്ങളിൽ നിന്നും നടീൽ വസ്തുക്കൾ ലഭിക്കുന്നതാണ്. ഇതിന് പുറമെ ധാരാളം സ്വകാര്യ ടിഷ്യൂ കൾച്ചർ ലാബുകളും നടീൽ വസ്തുക്കൾ വിപണനം ചെയ്തുവരുന്നു. പൂക്കൾ വിപണനം ചെയ്യാനുള്ള സൗകര്യം എല്ലായിടത്തും ലഭ്യമല്ല എന്നുള്ളതാണ് കൃഷി വ്യാപിക്കുന്നതിനുള്ള ഒരു പ്രധാന തടസ്സം. ഈ അടുത്ത കാലത്തായി പൂക്കളുടെ വിപണനത്തിനായി കർഷകർ തന്നെ സൊസൈറ്റികൾ രൂപീകരിച്ച് മുന്നോട്ട് വരുന്നത് ആന്തൂറിയം കൃഷി കൂടുതൽ വ്യാപിക്കുന്നതിന് പ്രേരകമാകുമെന്ന് നമുക്ക് പ്രത്യാശിക്കാം.